MATHRUBHUMI – 11-05-2016

മീനാകുമാരിയല്ല
പ്രശ്നം മീനില്ലാത്തത്

തീരദേശത്തിന്റെ പ്രശ്നങ്ങൾ ഒരു മുന്നണിയും ഇപ്പോൾ പ്രചാരണത്തിലെ മുഖ്യ വിഷയമാക്കുന്നില്ല. വൻകിട കപ്പലുകൾ മത്സ്യം വൻതോതിൽ പിടിക്കുന്നതും കടലിലും കായലിലും മീൻ കുറയുന്നതും മത്സ്യമേഖലയെ ആശ്രയിക്കുന്നവരുടെ ജീവിതം ദുരിതത്തിലാക്കുന്നു

■ പി. ലിജീഷ്

വടകര: കേരളത്തിന്റെ തീരദേശങ്ങളിൽ പ്രതിഷേധത്തിന്റെ തിരമാലകളുയർത്തിയ വിഷയമായിരുന്നു മീനാകുമാരി കമ്മിഷൻ റിപ്പോർട്ട്. ഇന്ന് തിരഞ്ഞെടുപ്പുകാലത്ത് പക്ഷേ മീനാകുമാരിയല്ല പ്രശ്നം; കടലിൽ മീനില്ലാത്തതാണ്. 'മീൻവരൾച്ച' സമ്മാനിച്ച കഷ്ടപ്പാടുകൾക്കിടയിലേക്കാണ് സ്ഥാനാർഥികൾ വോട്ടുതേടി ചെല്ലുന്നത്. പക്ഷേ, ഇതൊന്നും തിരഞ്ഞെടുപ്പിൽ വലിയ ചർച്ചകളൊന്നും ആകുന്നില്ല. ഏറെ ചർച്ചചെയ്ത സി.ആർ.സെഡ്. (തീരദേശ നിയന്ത്രണമേഖല) വിഷയത്തിന്റെ സ്ഥിതിയും ഇതുതന്നെ.

കേരളത്തിലെ മത്സ്യബന്ധനമേഖലയെ ദുരിതത്തിലേക്ക് തള്ളിവിടുമെന്നായിരുന്നു മീനാകുമാരി കമ്മിഷൻ റിപ്പോർട്ടിനെതിരെയുള്ള പ്രധാന ആരോപണം. ദിവസങ്ങളോളം ഈ വിഷയത്തിൽ തീരദേശം തിളച്ചുമറിഞ്ഞു. ഒടുവിൽ മീനാകുമാരി റിപ്പോർട്ടുപോയി, അയ്യപ്പൻ കമ്മിഷൻ വന്നു. എന്നാൽ, മീനാകുമാരി കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കാതെതന്നെ തീരദേശം പട്ടിണിയിലേക്ക് നീങ്ങിക്കഴിഞ്ഞു. മീൻ കിട്ടാത്തതാണ് ഇന്നത്തെ പ്രധാനപ്രശ്നം. ഇതോടെ 70 ശതമാനം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും തൊഴിലില്ലെന്നതാണ് ഏകദേശ കണക്ക്. കടലിൽപോകുന്നവരാകട്ടെ നഷ്ടക്കണക്കുകളും നിരത്തുന്നു. ആയിരക്കണക്കിന് തൊഴിലാളികൾ മറ്റ് തൊഴിൽമേഖലകൾ തേടിപ്പോയി. അനുബന്ധമേഖലയിൽ ജോലിചെയ്തിരുന്നവരുടെ സ്ഥിതിയും പരിതാപകരമാണ്. ഇത് തടയാൻ എന്തുചെയ്യുമെന്ന് ചോദിച്ചാൽ ആർക്കും ഉത്തരമില്ല.

കേരളത്തിൽലഭിക്കുന്ന മീനിന്റെ അളവ് വർഷംകഴിയുന്തോറും കുറഞ്ഞുവരികയാണെന്ന് കണക്കുകൾപറയുന്നു. 2012-ൽ കേരളത്തിൽ 8.39 ലക്ഷം ടൺ മത്സ്യം ലഭിച്ചപ്പോൾ 2013-ൽ ഇത് 6.71 ലക്ഷം ടണ്ണായി. 2014-ൽ 5.76 ടണ്ണായും 2015-ൽ 4.82 ലക്ഷം ടണ്ണായും കുറഞ്ഞു. തീരദേശത്തെ താങ്ങിനിർത്തിയിരുന്ന മത്തി ഒരുവർഷംകൊണ്ട് 55 ശതമാനം കുറഞ്ഞുവെന്നാണ് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണകേന്ദ്രത്തിന്റെതന്നെ കണക്ക്. എന്നാൽ, മത്സ്യത്തൊഴിലാളികൾ പറയുന്നത് മത്തി കാണാനേയില്ലെന്നാണ്.

1969 കാലഘട്ടത്തിൽ ഇതേപോലെ കടലിൽ മീൻ ഒഴിഞ്ഞുനിന്ന സാഹചര്യം ഉണ്ടായിരുന്നുവെന്ന് തീരത്തെ പഴമക്കാർ പറയുന്നു. അതിനുശേഷം തീരദേശം ഇതേപോലെ വറുതിയിലായ കാലഘട്ടം വേറെയില്ല. മീനുണ്ടെങ്കിൽ എല്ലാ ഇല്ലായ്മകളും കടൽ കടക്കും. അതാണ് തീരദേശത്തിന്റെ സ്വഭാവം. എന്തുകൊണ്ട് മീൻ കുറയുന്നു എന്നതിലും ചർച്ച് വിധേയമാക്കണമെന്നതാണ് ഈരംഗത്തെ സംഘടനകൾ ഉയർത്തുന്ന വിഷയം.

മറഞ്ഞും തെളിഞ്ഞും

കടലിന്റെ അടിത്തട്ടിലെ ചൂടാണ് ഒരു കാരണമായി വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. അതിനുപുറമേ 'അടക്കംകൊല്ലി വലകൾ' ഉപയോഗിച്ചുള്ള മീൻപിടിത്തം വർധിച്ചുവരുന്നതായി മത്സ്യത്തൊഴിലാളികൾ ചൂണ്ടിക്കാട്ടുന്നു. മീൻമുട്ടകൾ മുതൽ വലിയമത്സ്യങ്ങൾവരെ ഇതിൽ പെടുന്നതോടെ നഷ്ടമാകുന്നത് നാളേക്കുള്ള വിഭവങ്ങളാണ്. കൂടാതെ, വൻകിട കപ്പലുകൾ ഉൾക്കടലിൽ വൻതോതിൽ മത്സ്യം വാരിക്കൂട്ടുന്നതും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് തിരിച്ചടിയാണ്. ഇതൊക്കെ തടയാൻ സമഗ്രമായൊരു മത്സ്യനയമാണ് മത്സ്യത്തൊഴിലാളികൾ ഉയർത്തുന്ന ആവശ്യം. തിരഞ്ഞെടുപ്പിൽ ഇതൊന്നും ചർച്ചയാകുന്നില്ലെന്നുമാത്രം.

തീരദേശ പരിപാലന നിയമത്തിന്റെ ഭാഗമായുള്ള തീരദേശ നിയന്ത്രണമേഖലയിൽ(സി.ആർ.സെഡ്.) വീടുൾപ്പെടെയുള്ള നിർമാണപ്രവർത്തനങ്ങൾ നടത്തുന്നതിലുള്ള നിയന്ത്രണം കസ്തൂരിരംഗൻ വിഷയംപോലെ ഏറെക്കാലം ആളിക്കത്തിയതാണ്. ഇന്നും അതിന്റെ ഭീഷണി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുണ്ട്. നിയന്ത്രണമേഖലയിൽ ഇളവുവരുത്തിയെന്ന് പറയുന്നുണ്ടെങ്കിലും നിയമപ്രകാരം ഇതിന് ആനുകൂല്യം ലഭിച്ചിട്ടില്ല. താത്കാലികമായി അനുമതിനൽകുന്നെന്ന് മാത്രം. കേരള തീരദേശ പരിപാലന അതോറിറ്റി (കെ.സി.സെഡ്.എം.എ.) മുമ്പാകെ തീരദേശത്ത് വീടുവെക്കുന്നതിനുള്ള 2000-ത്തോളം അപേക്ഷകളാണ് കെട്ടിക്കിടക്കുന്നത്. മാർച്ചിനുശേഷമുള്ള അപേക്ഷകൾ മാത്രമാണിത്. ഈ അതോറിറ്റിയാണ് സി.ആർ.സെഡ്. നിയമപ്രകാരം തീരദേശത്ത് വീടും മറ്റ് കെട്ടിടങ്ങളും നിർമിക്കാനുള്ള അപേക്ഷകൾ പരിഗണിച്ച് തള്ളുന്നതും കൊള്ളുന്നതും.

സി.ആർ.സെഡ്. നിയമങ്ങൾ പാലിച്ചാണ് തങ്ങൾ പ്രവർത്തിക്കുന്നതെന്നാണ് അതോറിറ്റി ഉദ്യോഗസ്ഥർ പറയുന്നത്. തീരദേശത്ത് വീടുനിർമിക്കുന്നതിനോ പുനർനിർമിക്കുന്നതിനോ ഉള്ള അപേക്ഷകൾ തദ്ദേശസ്ഥാപനങ്ങൾ വഴിയാണ് അതോറിറ്റിയിലെത്തുന്നത്. ഇതിന് മാസങ്ങളോളം സമയമെടുക്കും. ചിലപ്പോൾ ആറുമാസംവരെ. ചിലയിടങ്ങളിൽ താത്കാലികമായ അനുമതിപോലും കിട്ടുന്നില്ലെന്ന പരാതിയുമുണ്ട്. കുടിവെള്ളപ്രശ്നം, തീരദേശറോഡ്, ഹാർബറുകളുടെയും ഫിഷ്‌ലാൻഡിങ് സെന്ററുകളുടെയും വികസനം... തീരദേശത്തിന് പറയാൻ വിഷയങ്ങളേറെയുണ്ട്. പക്ഷേ, എല്ലാറ്റിനെയും ഉപരിപ്ലവമായി സ്പർശിച്ചുമാത്രമാണ് തിരഞ്ഞെടുപ്പ് പ്രചാരണം കൊഴുക്കുന്നത്.